(ബി) പട്ടികജാതി വികസന വകുപ്പ് മുഖേന വീട് അറ്റകുറ്റപണിക്ക് ഏതുവർഷം വരെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2016-17 സാമ്പത്തിക വർഷം വരെ പട്ടികജാതി വികസന വകുപ്പ് മുഖേന വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി വീണ്ടും നടപ്പിലാക്കുന്ന വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല.

**പട്ടികജാതി-വർഗ്ഗ-ഗോത്ര ഭവനരഹിതരുടെ കണക്ക്**

5 (750) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ ഗോത്രങ്ങളിൽപ്പെട്ട ഭവനരഹിതരായവരുടെ ജില്ല തിരിച്ചും വിഭാഗം തിരിച്ചുമുള്ള പട്ടിക വെളിപ്പെടുത്താമോ;

(ബി) ഇവരിൽ എത്രപേർക്ക് വകുപ്പുതലത്തിൽ വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും എത്രപേർക്ക് 'ലൈഫ്' പദ്ധതി പ്രകാരം വീട് നൽകിയിട്ടുണ്ടെന്നും ഇനം തിരിച്ചും ജില്ല തിരിച്ചും അറിയിക്കുമോ;

(സി) സർക്കാർ രണ്ട് ലക്ഷത്തിലേറെ പേർക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകിയതിൽ എത്ര പട്ടികജാതി, പട്ടികവർഗ, ഗോത്ര വിഭാഗങ്ങളെ ആയതിൽ ഉൾപ്പെടുത്തിയെന്നത് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എ-സി) അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പട്ടയ മേളയിലൂടെ ഭൂമി വിതരണം സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പ് മുഖേന പട്ടയ വിതരണം നടപ്പിലാക്കി വരുന്നുണ്ട്.

**അഴീക്കോട് മണ്ഡലത്തിലെ ഭവന/ഭൂരഹിതരായ പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾ**

6(751) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂരഹിതരായ ഭവനരഹിതർ എത്ര; പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതി**

7 (752) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിലേക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നാളിതുവരെ എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2019-20 സാമ്പത്തിക വർഷം 64.46 കോടി രൂപയും 2020-21 സാമ്പത്തിക വർഷം 140 കോടി രൂപയും ലൈഫ് മിഷന് അനുവദിച്ച നൽകിയിട്ടുണ്ട്.

(ബി) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ (ഭൂമിയുള്ള ഭവനരഹിതർ) 3380 പേർക്കും ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ (ഭൂരഹിത ഭവനരഹിതർ) 487 പേർക്കും പുതിയ വീട് അനുവദിച്ച് നൽകിയിട്ടുണ്ട്.

**പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട്**

8 (753) <u>ശ്രീ. വി. ശശി</u>:
<u>ശ്രീ. പി. എസ്. സുപാൽ</u>:
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>:
<u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്ഥലവും വീടും ലഭിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly